പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3257 10/12/2018 ലെ മറുപടി

## ചേർപ്പ് സി.എൻ.എൽ. ഹൈസ്കൂളിലെ ഗുരുവന്ദന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ചേർപ്പ് സി.എൻ.എൽ. ഹൈസ്കൂളിലെ ഗുരുവന്ദന പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികളെ കൊണ്ട് അദ്ധ്യാപകരുടെ പാദപൂജ ചെയ്യിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 'ഗുരുപൂർണ്ണിമ' എന്ന പരിപാടിയാണ് സ്കൂളിൽ നടത്തിയത്. |
| (ബി) ഗുരുവന്ദനം സംബന്ധിച്ച് 26-6-2018 ൽ പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത സർക്കുലറിലെ നിർദ്ദേശമെന്തായിരുന്നു; | (ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/06/2018-ലെ ക്യൂ.ഐ.പി(1)/41218/ 2018/ ഡിപിഐ നമ്പർ സർക്കുലറിൽ "മാതാ പിതാക്കളെ പാഴ് വസ്തുക്കളെപ്പോലെ വലിച്ചെറിയരുത്" എന്ന സന്ദേശം വിദ്യാർത്ഥികളിലേയ്ക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെ അനന്തപുരി ഫൗണ്ടേഷന്റെ നേതൃത്വത്തിൽ പത്തനാപുരം ഗാന്ധിഭവന്റേയും, വിവിധ സാമൂഹ്യ സാസ്കാരിക സംഘടകളുടേയും സഹകരണത്തോടെ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന 'ഗുരുവന്ദനം' എന്ന പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ പി.ടി.എയുടെ അനുമതിയോടെ സ്കൂൾ പ്രവൃത്തി സമയത്തെ ബാധിക്കാത്ത രീതിയിൽ സംഘടിപ്പിക്കാൻ അനുവാദം നൽകുന്നതായാണ് പറഞ്ഞിരിക്കുന്നത്. |
| (സി) സർക്കാർ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ മതചടങ്ങുകൾ പാടില്ല എന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി ചടങ്ങ് സംഘടിപ്പിച്ച സ്കൂൾ അധികൃതർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) ഒ.പി. നം.35376/2000(ജെ) ആന്റ് 4010/ 2002 (ബി) എന്നിവയിൽ 05/04/2002-ൽ ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ, സ്കൂളുകൾ വിദ്യാഭ്യാസ പരമായ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവ് നം. ജി.ഒ(ആർ.ടി) 1503/2002/ പൊവിവ തീയതി 07/06/2002 പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുണ്ട്.<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 26/06/2018-ലെ ക്യൂ. ഐ.പി/41218/ 2018/ഡി.പി.ഐ നമ്പർ സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി പി.ടി.എ തീരുമാനത്തിന്റെ മറവിൽ ചേർപ്പ് സി.എൻ.എൽ സ്കൂളിൽ 'ഗുരുപൂർണ്ണിമ' എന്ന |

പേരിൽ നടത്തിയ സംഭവത്തിൽ പ്രഥമാദ്ധ്യാപികയ്ക്ക് 09/08/2018-ലെ വി.എ 1/ 46422/2018/ഡിപിഐ നമ്പർ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്മോ നൽകുകയും, വിശദീകരണം ലഭ്യമാക്കുകയും ചെയ്തു. മേൽ വിശദീകരണത്തിന്റെയും, തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബഹു: കേരള സംസ്ഥാന മനുഷ്യവകാശ കമ്മീഷനും, ബഹു: കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും യഥാക്രമം 22/09/2018 ലും 29/10/2018 ലും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി ഫയലിൽ ഇപ്പോൾ തുടർ നടപടി സ്വീകരിച്ചു വരുന്നു

സെക്ഷൻ ഓഫീസർ